## കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

മെ. വി. കാ. – ജീവനകാര്യം – പൊതു സ്ഥലം മാറ്റം 2020 – ഓറൽ പാത്തോളജി & മൈക്രോബയോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിലെ അദ്ധ്യാപകർക്ക് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. 11.02.2020 തീയതിയിലെ Special Cell(GT)/4779/2019/DME നം. വിജ്ഞാപനം.
2. 07.08.2020 ലെ ഓറൽ പാത്തോളജി & മൈക്രോബയോളജി വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ പൊതു സ്ഥലംമാറ്റത്തിന്റെ കരട് പട്ടിക.
3. 10.08.2020 തീയതിയിൽ ഡോ രാജീവ് ആർ സമർപ്പിച്ച അപേക്ഷ.
4 12.08.2020 ലെ ഇ1/1630/2020/ ജിഡിസിറ്റി പ്രകാരം ലഭിച്ച തിരു: ഗവണ്മെന്റ് ദന്തൽ കോളേജ് പ്രിൻസിപ്പലിന്റെ കത്ത്.
5 ഓൾ കേരള ഡെന്റൽ റെസിഡന്റ്സ് യൂണിയൻ സമർപ്പിച്ച അപേക്ഷ.
6. 10/09/2020 തീയതിയിലെ ഓറൽ പാത്തോളജി & മൈക്രോബയോളജി വിഭാഗം പ്രൊഫസർ തസ്തികയിലെ പൊതു സ്ഥലംമാറ്റത്തിന്റെ അന്തിമ പട്ടിക.

### ഉത്തരവ് നമ്പർ. ജി4/ 2080/ 2020/മെ.വി.വ ,തീയതി: 19.01.2021

പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ, 2020 വർഷത്തെ പൊതു സ്ഥലംമാറ്റത്തിനായി ഓറൽ പാത്തോളജി & മൈക്രോബയോളജി വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ അദ്ധ്യാപകർ ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷകൾ പ്രകാരം, സ്ഥലംമാറ്റത്തിന് അർഹരായവരുടെ കരട് സ്ഥലംമാറ്റപട്ടിക പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചു. ടി കരട് പട്ടിക സംബന്ധിച്ച് ലഭിച്ച പരാമർശം (3) ലെ അപേക്ഷ, പരാതി പരിശോധിയ്ക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി, നിലവിലെ പൊതു സ്ഥലംമാറ്റ ചട്ടങ്ങൾ പ്രകാരം പരിശോധിച്ച്, ആയത് നിലനിൽക്കുന്നതല്ലാത്തതിനാൽ, പരാമർശം (6) പ്രകാരം അന്തിമ സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ചു. ആയത് അനുബന്ധമായി ചേർക്കുന്നു.

അന്തിമപട്ടികയുടെ അടിസ്ഥാനത്തിൽ, ഓറൽ പാത്തോളജി & മൈക്രോബയോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അദ്ധ്യാപകരുടെ 2020 വർഷത്തെ പൊതുസ്ഥലംമാറ്റം ചുവടെ പട്ടികയിൽ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| പേര് | നിലവിൽ ജോലി നോക്കുന്ന ദന്തൽ കോളേജ് | സ്ഥലം മാറ്റി നിയമിച്ച ദന്തൽ കോളേജ് | അഭിപ്രായം |
|---|---|---|---|
| ഡോ. നിവിയ. എം | ഗവണ്മെന്റ് ദന്തൽ കോളേജ് ,ആലപ്പുഴ | ഗവണ്മെന്റ് ദന്തൽ കോളേജ് ,തിരുവനന്തപുരം | ദുർഘട മേഖല |
| ഡോ രാജീവ്. ആർ | ഗവണ്മെന്റ് ദന്തൽ കോളേജ്, തിരുവനന്തപുരം | ഗവണ്മെന്റ് ദന്തൽ കോളേജ് ,ആലപ്പുഴ | |

അതാത് ദന്തൽ കോളേജ് പ്രിൻസിപ്പൽമാർ ഈ ഉത്തരവ് മെഡിക്കൽ വിദ്യാഭ്യാസ

വകുപ്പിൻറെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ്ചെയ്ത് ബന്ധപ്പെട്ട ജീവനക്കാരെ സമയബന്ധിതമായി അറിയിക്കേണ്ടതും, ടി ജീവനക്കാരുടെ വിടുതൽ / ജോലിയിൽ പ്രവേശിപ്പിക്കൽ ഉത്തരവുകൾ സമയബന്ധിതമായി പുറപ്പെടുവിക്കേണ്ടതുമാണ്. ആയത് ഈ കാര്യാലയത്തിൽ കൃത്യമായി അറിയിക്കേണ്ടതാണ്.

DR.REMLA BEEVI.A
DIRECTOR

സ്വീകർത്താവ് :- 1. ബന്ധപ്പെട്ടഡോക്ടർമാർക്ക് (അതാത് പ്രിൻസിപ്പൽ മുഖാന്തിരം).
2. പ്രിൻസിപ്പൽ, സർക്കാർ ഡെന്റൽ കോളേജ്, തിരുവനന്തപുരം /ആലപ്പുഴ.

പകർപ്പ്: 1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
2. വെബ് സൈറ്റ്, നോട്ടീസ് ബോർഡ്.
3. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.